പതിമൂന്നാം കേരള നിയമസഭ

എട്ടാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3343 — 09.04.2013ൽ മറുപടിയ്ക്ക്

## സാരാഭായ് എഞ്ചിനീയറിംഗ് കോളേജിലെ പരീക്ഷ മാറ്റിവയ്ക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. വി. ശിവൻകുട്ടി | ഉത്തരം<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) 2013 മാർച്ച് 25-ാം തീയതി ഇടുക്കി - രാജക്കാട് വച്ചുണ്ടായ വാഹനാപകടത്തിൽ തിരുവനന്തപുരം വെള്ളനാട് സാരാഭായ് എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികൾ മരണപ്പെടുകയും, നിരവധി വിദ്യാർത്ഥികൾക്ക് പരിക്കേൽക്കുകയും ചെയ്തതു കാരണം പ്രസ്തുത വിദ്യാർത്ഥികൾ എഴുതേണ്ട അവസാനവർഷ ബി-ടെക് പരീക്ഷ മാറ്റിവയ്ക്കണം എന്നാവശ്യപ്പെട്ടു കൊണ്ട് സർക്കാരിനോ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്കോ കോളേജ് അധികൃതരിൽ നിന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ; മറ്റാരിൽ നിന്നെങ്കിലും പ്രസ്തുത വിഷയം സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ;<br><br>(ബി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എ) & (ബി) പ്രസ്തുത പരീക്ഷ മാറ്റി വയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കോളേജ് ഡയറക്ടറിൽ നിന്നും, പ്രിൻസിപ്പലിൽ നിന്നും കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാ ശാലയ്ക്ക് അപേക്ഷ ലഭിച്ചിരുന്നു. കൂടാതെ ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് ബഹു. എം.എൽ.എ. ശ്രീ.വി.ശിവൻകുട്ടി, ബഹു.മുഖ്യമന്ത്രിയ്ക്ക് കത്തും നൽകിയിരുന്നു. തുടർന്ന് പരീക്ഷ സർവ്വകലാശാല മാറ്റിവച്ചിട്ടുണ്ട്. വീണ്ടും നടത്തേണ്ട തീയതി നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ